# കേരളസർവകലാശാല

നം.പി.ആർ.22/2021

# പത്രക്കുറിപ്പ്

## ടൈംടേബിൾ

കേരളസർവകലാശാല നടത്തിയ മൂന്നാം സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം./എം.എം. സി.ജെ. പരീക്ഷകൾ ഫെബ്രുവരി 9 ന് ആരംഭിക്കുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## പ്രാക്ടിക്കൽ

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എൽ. പരീക്ഷയുടെ ടീച്ചിംഗ് പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 4 ന് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹാൾടിക്കറ്റ്

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം ഫെബ്രുവരി 2 മുതൽ നടത്തുന്ന മൂന്ന്, നാല് സെമസ്റ്റർ എം.എ./എം.എസ്.സി./എം.കോം. (2018 അഡ്മിഷൻ റെഗുലർ ആന്റ് 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകളുടെ ഹാൾടിക്കറ്റ് പരീക്ഷാർത്ഥികളുടെ പ്രൊഫൈലിൽ നിന്ന് ഡൗൺലോഡ് ചെയ്ത് അതതു പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതേണ്ടതാണ്.

## പുതുക്കിയ പരീക്ഷാതീയതി

കേരളസർവകലാശാല ജനുവരി 29 ന് നടത്താനിരുന്ന ഏഴാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി (2008 സ്കീം) പരീക്ഷയിലെ ഇലക്ട്രിക്കൽ ബ്രാഞ്ചിലെ 'മൈക്രോ പ്രോസസർ ബെയ്സ്ഡ് സിസ്റ്റം ഡിസൈൻ' എന്ന ഇലക്ടീവ് പേപ്പർ ഫെബ്രുവരി 4 ലേക്ക് മാറ്റിയിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

## പരീക്ഷാഫീസ്

ആറാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2013 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ഫെബ്രുവരി 4 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 8 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സി.ഇ. മാർക്ക് അപ്‌ലോഡ് – തീയതി നീട്ടി

കേരളസർവകലാശാല മേയ് 2020 ലെ രണ്ടാം സെമസ്റ്റർ ബി.എ./ബി.എസ്.സി./ബി. കോം. സി.ബി.സി.എസ്.എസ്. ഡിഗ്രി പരീക്ഷകളുടെ സി.ഇ. മാർക്ക് കോളേജുകളിൽ നിന്ന് അപ്‌ലോഡ് ചെയ്യാനുള്ള അവസാന തീയതി ഫെബ്രുവരി 5 വരെ ദീർഘിപ്പിച്ചു.

## സൂക്ഷ്മപരിശോധന

മൂന്നാം സെമസ്റ്റർ ബി.ടെക്. സപ്ലിമെന്ററി ഫെബ്രുവരി 2020 (2008 സ്കീം), ഒന്നാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് നവംബർ 2019 (2008 സ്കീം) എന്നീ പരീക്ഷകളുടെ സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ

പതിച്ച ഐ.ഡി. കാർഡും ഹാൾടിക്കറ്റുമായി റീവാല്യവേഷൻ സെക്ഷനിൽ (ഇ.ജെ VII – ഏഴ്) സെക്ഷനിൽ ജനുവരി 30 മുതൽ ഫെബ്രുവരി 2 വരെയുളള പ്രവൃത്തി ദിനങ്ങളിൽ ഹാജരാകേണ്ടതാണ്.

## എസ്.സി./എസ്.ടി. സീറ്റ് ഒഴിവ്

കേരളസർവകലാശാല എം.ഫിൽ 2020–2021 ബാച്ചിലേക്കുളള പ്രവേശനത്തിന് സംസ്കൃതം, നിയമം, ഫിസിക്സ്, സോഷ്യോളജി, ജിയോളജി, കമ്പ്യൂട്ടർ സയൻസ്, ബോട്ടണി, തമിഴ്, ഒപ്റ്റോഇലക്ട്രോണിക്സ്, ബയോകെമിസ്ട്രി, എൻവയോൺമെന്റൽ സയൻസ്, കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സ്, കെമിസ്ട്രി, നാനോസയൻസ്, മറൈൻ സയൻസ് എന്നീ കോഴ്സുകളിലേക്ക് എസ്.സി./എസ്.ടി. സീറ്റുകൾ ഒഴിവുണ്ട്. താൽപ്പര്യമുളളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിത കാര്യവട്ടം ക്യാമ്പസിലെ അതതു ഡിപ്പാർട്ട്മെന്റുകളിൽ ഫെബ്രുവരി 1 ന് 10 മണിക്ക് ഹാജരാകേണ്ടതാണ്.

## സി.എ.സി.ഇ.ഇ. വിവിധ കോഴ്സുകൾക്ക് അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം ഫെബ്രുവരി 1 ന് ആരംഭിക്കുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: മൂന്നു മാസം, ക്ലാസുകൾ: വൈകുന്നേരം 5 മുതൽ 7 വരെ, കോഴ്സ്ഫീസ്: 6000/-, ഉയർന്ന പ്രായപരിധി ഇല്ല.

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രം നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത: പ്ലസ്ടു/പ്രീ-ഡിഗ്രി, കോഴ്സ് കാലാവധി: ആറു മാസം, ക്ലാസുകൾ: കാര്യവട്ടം ക്യാമ്പസിൽ നടത്തും, കോഴ്സ്ഫീസ്: 7000/- (പരീക്ഷാഫീസ് ഉൾപ്പെടെ), അവസാന തീയതി ഫെബ്രുവരി 11. ഉയർന്ന പ്രായപരിധി ഇല്ല.

www.keralauniversity.ac.in ൽ നിന്നും 28 -ാം നമ്പർ അപേക്ഷാ ഫോറം ഡൗൺലോഡ് ചെയ്ത് SBI ബാങ്കിൽ A/C.No.57002299878 ൽ 100 രൂപ അടച്ച രസീതും അസൽ സർട്ടിഫിക്കറ്റും പകർപ്പും സഹിതം പി.എം.ജി ജംഗ്ഷൻ, സ്റ്റുഡന്റ്സ് സെന്റർ ക്യാമ്പസിലെ സി.എ.സി.ഇ.ഇ. ഓഫീസിൽ ഹാജരാകണം.

കേരളസർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ലയോള കോളേജിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആന്റ് ഇൻഫർമേഷൻ സയൻസ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. യോഗ്യത: പ്ലസ്ടു. ഇപ്പോൾ സർക്കാർ സർവീസിലുളളവർക്ക് എസ്.എസ്.എൽ.സി. യോഗ്യത മതിയാകും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 20. അപേക്ഷാഫോമിന്റെ വില 100 രൂപ. ശ്രീകാര്യത്തുളള ലയോള കോളേജ് ഓഫീസിൽ നിന്നും അപേക്ഷാഫോം ലഭിക്കുന്നതാണ്. ഫോൺ: 0471 – 2592059. വിശദവിവരങ്ങൾക്ക് പ്രിൻസിപ്പാൾ, ലയോള കോളേജ്, ശ്രീകാര്യം പി.ഒ. തിരുവനന്തപുരം – 695017 എന്ന വിലാസത്തിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
28.01.2021